സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

ഗാന്ധിജിയുടെ ഇന്ത്യ ആലോചിക്കുന്നു

നമ്പർ. C1/301/20/ഡി.ടി.ഇ

തീയതി: 11.06.2020

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - ടെക്നിക്കൽ ഹൈസ്കൂളുകളിലെ ഓൺലൈൻ ക്ലാസ്സ് - ക്ലാസ്സ് നടത്തിപ്പ് സംബന്ധിച്ച വിശദവിവരം - ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന :- 05-06-2020 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള ടി2/10690/20/ഡി.റ്റി.ഇ. നമ്പർ സർക്കുലർ.

കോവിഡ് 19 വ്യാപനം തടയുന്നതിനായി ലോക് ഡൌൺ ദീർഘിപ്പിക്കുകയും യാത്രകൾക്ക് ഉൾപ്പെടെ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ നിർദേശപ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിലും ഓൺ ലൈൻ ക്ലാസ്സുകൾ നടത്തുന്നതിനുള്ള നിർദേശം ഈ ഓഫീസിൽ നിന്നും നൽകിയിരുന്നു. അതോടൊപ്പം തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് വിക്ടേഴ്സ് ചാനൽ വഴി നൽകുന്ന ക്ലാസ്സുകൾ ടെക്നിക്കൽ ഹൈസ്കൂളിലെ അദ്ധ്യാപകർ ഇംഗ്ലീഷ് ഭാഷയിലേക്ക് തർജ്ജിമ ചെയ്ത് വിദ്യാർത്ഥികൾക്ക് നോട്ട് നൽകുന്നതിനും, ട്രേഡ് തീയറി ക്ലാസ്സുകൾ സാങ്കേതിക വിഭാഗം ജീവനക്കാർ മീഡിയയുടെ സഹായത്തോടെ കൈകാര്യം ചെയ്യുന്നതിനും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ആന്റ് റിസർച്ച്, കളമശ്ശേരി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതേ വിഷയം തന്നെ സൂചനയിലെ സർക്കുലർ പ്രകാരം എല്ലാ സ്ഥാപന മേധാവികളേയും അറിയിച്ചിട്ടുമുണ്ട്.

എന്നാൽ ഏതാനും ചില ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടത്താതിരിക്കുകയും ബന്ധപ്പെട്ട ജീവനക്കാർ സ്ഥാപനത്തിൽ ഹാജരാകാതിരിക്കുകയും സ്ഥാപന മേധാവികളുടെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരും ഓൺലൈൻ ക്ലാസ്സിന്റെ പ്രോഗ്രസ്സും, ആയതിന്റെ വിശദ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടും ഓൺലൈൻ ക്ലാസ്സ് നടത്തുന്നതിന് വിസമ്മതിച്ച അദ്ധ്യാപകരുടെ ലിസ്റ്റും ഈ ഓഫീസിലേക്ക് എത്രയും വേഗം ലഭ്യമാക്കണമെന്ന് ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരേയും അറിയിക്കുന്നു.

ശശികുമാർ കെ.എൻ
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടേയും അറിവിലേക്കായി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്